## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.312 | 28.06.2011-ൽ മറുപടിക്ക്.

### തീവണ്ടി യാത്രക്കാരായ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | തീവണ്ടി യാത്രക്കാരായ സ്ത്രീകളുടെ സുരക്ഷയ്ക്ക് അതീവ ഭീഷണി തുടർച്ചയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തീവണ്ടി യാത്രികരുടെ വിശിഷ്യാ സ്ത്രീകളുടെ സുരക്ഷയും സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ബി) | എറണാകുളം - ഷൊർണൂർ പാസഞ്ചർ ട്രെയിനിലെ യാത്രക്കാരിയായ സൗമ്യ എന്ന പെൺകുട്ടി യുടെ ദാരുണമായ മരണത്തെത്തുടർന്ന് ട്രെയിനുകളിൽ സ്ത്രീകളുടെസുരക്ഷിതത്വം അവലോകനം ചെയ്ത് ആവശ്യമായ അടിയന്തിര നടപടികൾ എടുക്കുന്നതിനായി 7.2.2011ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി റയിൽവേ വകുപ്പിലേയും പോലീസ് വകുപ്പിലേയും ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചു കൂട്ടുകയും ട്രെയിൻ യാത്രക്കാരായ സ്ത്രീകളുടെ സുരക്ഷ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ വിശദമായി തീരുമാനിക്കുകയും ചെയ്തു. ടി യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധം 1 ആയി വച്ചിട്ടുണ്ട്. തുടർന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി താഴെപ്പറയുന്ന കാര്യങ്ങളിൽ അടിയന്തിര നടപടി ആവശ്യപ്പെട്ട് ദക്ഷിണ റയിൽവേ ജനറൽ മാനേജർക്ക് 8.3.2011-ൽ കത്ത് നല്കി.<br>1) വനിതകളുടെ കമ്പാർട്ട്മെന്റ് ട്രെയിനിന്റെ മദ്ധ്യഭാഗത്തേയ്ക്ക് മാറ്റുക. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| | | | 2) വനിതകളുടെ കമ്പാർട്ട്മെന്റിൽ വേണ്ടത്ര സ്ത്രീകളുൾപ്പെടെയുള്ള സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുക.<br>3) യാചകരും അനധികൃത കച്ചവടക്കാരും ട്രെയിനുകളിലും സ്റ്റേഷനുകളിലും പ്രവേശിക്കുന്നത് നിരോധിക്കുക.<br><br>4) എല്ലാ സുരക്ഷാ ചെയിനുകളും പ്രവർത്തിക്കുന്നുണ്ട് എന്ന് യാത്ര തുടങ്ങുന്നതിന് മുൻപ് ഉറപ്പ് വരുത്തുക.<br>5) റെയിൽവേ സ്റ്റേഷനുകളിൽ വേണ്ടത്ര വെളിച്ചം ലഭ്യമാക്കുക.<br>ടി കത്തിന്റെ പകർപ്പ് അനുബന്ധം 2 ആയി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.